"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - റിട്ട. അസി.എക്സി.എഞ്ചിനീയർ ശ്രീ. വി.രാധാകൃഷ്ണന്റെ General Reserve Engineer Force (GREF)-ലെ സേവനകാലം പെൻഷനും, മറ്റ് വിരമിക്കൽ ആനുകൂല്യങ്ങൾക്കുമുള്ള യോഗ്യസേവനകാലമായി പരിഗണിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു.എ) വകുപ്പ്

G.O.(Rt) No.1863/2021/LSGD — തീയതി,തിരുവനന്തപുരം, 28/09/2021

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.11.2020, 25.5.2021, 04.08.2021 എന്നീ തീയതികളിലെ ഇ18/18737/2019/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

ഉത്തരവ്

തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ 31.05.2020-ന് അസി.എക്സി.എഞ്ചിനീയർ കേഡറിൽ നിന്നും വിരമിച്ച ശ്രീ. വി.രാധാകൃഷ്ണന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുള്ളതായും, ടിയാൻ സംസ്ഥാന സർക്കാർ സേവനത്തിന് മുമ്പ് 20.10.1986 മുതൽ 09.10.1991 വരെ General Reserve Engineer Force ൽ സേവനമനുഷ്ഠിച്ചിട്ടുള്ളതായും, തുടർന്ന് 15.10.1991-ന് സംസ്ഥാന ജലസേചന വകുപ്പിൽ ഓവർസീയർ ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും, ഇക്കാരണത്താൽ, General Reserve Engineer Force-ലെ സേവനകാലം സംസ്ഥാന സർക്കാർ സർവ്വീസിനോടൊപ്പം ചേർത്ത് പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ചീഫ് എഞ്ചിനീയർ പരാമർശം കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. അക്കൗണ്ടന്റ് ജനറൽ പ്രസ്തുത സേവനകാലം പെൻഷനായി പരിഗണിച്ചിട്ടില്ലാത്തതിനാൽ, ടിയാന്റെ പ്രസ്തുത അപേക്ഷ പരിഗണിക്കണമെന്ന് ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. General Reserve Engineer Force (GREF) സേവനകാലം കെ.എസ്.ആർ ഭാഗം III ചട്ടം 11-ലെ കുറിപ്പ് 2 പ്രകാരം കേന്ദ്ര സർക്കാർ സേവനമായി പരിഗണിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ, റിട്ട. അസി.എക്സി.എഞ്ചിനീയർ ശ്രീ. വി.രാധാകൃഷ്ണന്റെ General Reserve Engineer Force (GREF)-ലെ 20.10.1986 മുതൽ 09.10.1991 വരെയുള്ള സേവനകാലം ടിയാന്റെ സംസ്ഥാന സർക്കാർ സർവ്വീസിനൊപ്പം പെൻഷനും, മറ്റ് വിരമിക്കൽ ആനുകൂല്യങ്ങൾക്കുമുള്ള യോഗ്യസേവനകാലമായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T Mayo Bhaskar
Under Secretary

പകർപ്പ് :

1. ശ്രീ. വി.രാധാകൃഷ്ണൻ, റിട്ട. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ( തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (സേവന പുസ്തകം സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

(തുടർന്ന്)

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekánth G
Date: 29-09-2021 10:50:29
Reason: Approved

സെക്ഷൻ ഓഫീസർ